**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4262** **06-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ വരുമാന സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നില്ല. എന്നാൽ അർഹരായ എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കുന്നതോടൊപ്പം അനർഹരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുക എന്നതാണ് സർക്കാർ നയം. |
| (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനായി പ്രസ്തുത പെൻഷൻ വാങ്ങുന്നവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷനുള്ള കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്. അതിനു മുകളിൽ കുടുംബ വരുമാനം ഉള്ളവർ പെൻഷന് അർഹരല്ല. അർഹരായവരെ കണ്ടെത്തുന്നതിനു വേണ്ടിയാണ് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി രൂപീകരിച്ച കമ്പനിക്ക് സർക്കാർ നൽകേണ്ട തുക കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ഓരോ മാസവും നൽകേണ്ട ക്ഷേമപെൻഷൻ തുകയുടെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വർഷത്തെ ഈയിനത്തിലുള്ള ചെലവും പലിശയിനത്തിൽ നൽകേണ്ട തുക, കമ്പനിയുടെ ഭരണ ചെലവുകൾ എന്നിവ കണക്കാക്കിയാണ് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തുന്നത്. ഓരോ സാമ്പത്തിക വർഷവും വകയിരുത്തേണ്ട തുക വ്യത്യസ്തമായിരിക്കും. |

സെക്ഷൻ ഓഫീസർ